സർക്കുലർ

26/NSS/DHSE/2018 08/03/2018

2017-18 അധ്യയന വർഷത്തിൽ സംസ്ഥാനത്തൊട്ടാകെ നടന്ന എൻഎസ്എസ് പ്രവർത്തനങ്ങളുടെ അവലോകനം ഏപ്രിൽ 2, 3 തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്നു. പിഎസി അംഗങ്ങൾ പ്രവർത്തനങ്ങളുടെ പവർ പോയിന്റ് പ്രസന്റേഷനുകൾ മാർച്ച് 13 ന് മുൻപായി ജില്ലാ കൺവീനർമാരെ ഏൽപ്പിക്കേണ്ടതും ജില്ലാ കൺവീനർമാർ അവ ക്രോഡീകരിച്ച് അവതരിപ്പിക്കേണ്ടതുമാണ്. ജില്ലകളിൽ നടന്ന പ്രധാന പ്രവർത്തനങ്ങൾ ഒന്നും വിട്ടുപോകാതിരിക്കാൻ പിഎസി അംഗങ്ങളും ജില്ലാ കൺവീനർമാരും ശ്രദ്ധിക്കേണ്ടതാണ്. ജില്ലാ കൺവീനർമാർ അവതരിപ്പിക്കുന്ന പവർ പോയിന്റ് പ്രസന്റേഷൻ വിലയിരുത്തുന്നതിനായി മാർച്ച് 20 ന് മുൻപായി സിഡിയിലാക്കി എൻഎസ്എസ് സെല്ലിൽ ലഭ്യമാക്കേണ്ടതാണ്. ഹയർ സെക്കണ്ടറി ഡയറക്ടർ, ജോയിന്റ് ഡയറക്ടർമാർ, സാമൂഹ്യ രംഗത്തെ പ്രഗൽഭ വ്യക്തികൾ അടങ്ങുന്ന പാനൽ പ്രസ്തുത അവതരണങ്ങൾ വിലയിരുത്തുന്നതാണ്. ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം ഈ വിദ്യാഭ്യാസ വർഷം നടത്തിയ സാമൂഹ്യ ഇടപെടലുകൾ പൊതു സമൂഹത്തിന്റെ മുന്നിൽ അവതരിപ്പിക്കുന്ന പ്രസ്തുത പ്രവർത്തനം ജില്ലാ കൺവീനർമാർ അതീവ ശ്രദ്ധയോടെ ചിട്ടപ്പെടുത്തേണ്ടതാണ്. ഈ വർഷത്തെ എൻഎസ്എസ് അവാർഡിനുള്ള പ്രൊപ്പോസലുകൾ ടി അവതരണത്തിലെ വസ്തുതകൾ കൂടി കണക്കിലെടുത്തായിരിക്കും പരിഗണിക്കുക.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ